പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1248 20.03.2012 ൽ മറുപടിക്ക്

# ചാലക്കുടിയിൽ ഇലഞ്ഞിമരങ്ങൾ വെട്ടിനശിപ്പിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) ചാലക്കുടി റെയിൽവേ സ്റ്റേഷൻ പി.ഡബ്ല്യു.ഡി. റോഡിൽ, ചാലക്കുടി മുനിസിപ്പൽ ഓഫീസിനുമുൻപിലായി, സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നട്ടുപിടിപ്പിച്ച് സംരക്ഷിച്ചുപോന്ന ഇലഞ്ഞിമരങ്ങൾ വെട്ടിനശിപ്പിച്ചതിൽ വ്യാപകമായ പ്രതിഷേധം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുറ്റവാളികൾക്കെതിരെ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ ? | (ബി) ഇലഞ്ഞി മരങ്ങൾ വെട്ടി നശിപ്പിച്ചത് രാത്രികാലത്തായിരുന്നതിനാൽ ഇതു ചെയ്ത വ്യക്തികളെ അറിയില്ല. കുറ്റവാളികളെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിനായി ചാലക്കുടി പോലിസിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ